**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 963** **14-01-2021 - ൽ മറുപടിയ്ക്ക്**

**എറണാകുളം മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | എറണാകുളം നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ ഡിവിഷനിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ എണ്ണം, വർഷം അടിസ്ഥാനത്തിൽ പേരുകൾ ഉൾപ്പെടെ വിശദമാക്കുമോ; | (എ) | എറണാകുളം നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ ഡിവിഷനിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 43 പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. വിശദാംശം അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഇതിൽ എത്ര പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചുവെന്നും എത്ര എണ്ണം ടെൻഡർ നടപടികൾ പൂർത്തികരിച്ചുവെന്നും എത്ര പ്രവൃത്തികൾ ഇനി പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കുമോ? | (ബി) | മേൽപ്പറഞ്ഞ 43 പ്രവൃത്തികൾക്കും സാങ്കേതികാനുമതി നല്കിയിട്ടുള്ളതും ടെണ്ടർ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. " FD- 2019-20 ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിൽ ലക്ഷം വീട് രാജീവ് നഗറിനു സമീപമുള്ള തോടിന്റെ പാർശ്വ സംരക്ഷണ പ്രവൃത്തികൾ" എന്ന പ്രവൃത്തി 3 തവണ ടെണ്ടർ ചെയ്തെങ്കിലും കരാറുകാരനിൽ നിന്ന് പ്രതികരണങ്ങളൊന്നും ലഭിക്കാത്തതിനാൽ നടപ്പാക്കുവാൻ സാധിച്ചിട്ടില്ല . ടെണ്ടർ ചെയ്ത 42 പ്രവൃത്തികളിൽ 32 എണ്ണം പൂർത്തിയായിട്ടുണ്ട് . ഒരെണ്ണം നടന്ന് കൊണ്ടിരിക്കുന്നു . 7 എണ്ണം വിവിധ കാരണങ്ങളാൽ ഡ്രോപ്പ് ചെയ്തു. വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു . |

സെക്ഷൻ ഓഫീസർ